(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

**സബ്മിഷൻ**

കുടിവെള്ളക്ഷാമം

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന മഴയുടെ അളവിനെ സംബന്ധിച്ചും വരൾച്ചയുടെ രൂക്ഷതയെക്കുറിച്ചുമെല്ലാം നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതെല്ലാം സൂചിപ്പിക്കുന്നത്, പരമമായ പ്രാധാന്യത്തോടുകൂടി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളെ കാണണമെന്നും അത് നടപ്പാക്കണമെന്നുമാണ്. എന്നാൽ വളരെ നിർഭാഗ്യകരമായ അനാസ്ഥയും കെടുകാര്യസ്ഥതയും പലപ്പോഴും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്നുവെന്നും അത് സമയബന്ധിതമായി പൂർത്തിയാക്കേണ്ട പല പദ്ധതികളെയും ഗുരുതരമായി ബാധിക്കുന്നുവെന്നുമുള്ള ഒരു യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. കേരളത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ നടപടികൾക്കാണ് ജലവിഭവ വകുപ്പും മന്ത്രിയും നേതൃത്വം കൊടുക്കുന്നത്. പലപ്പോഴും പല കാര്യങ്ങളിലും മന്ത്രി വളരെ താല്പര്യത്തോടുകൂടി പ്രശ്നപരിഹാരത്തിനുവേണ്ടി ഇടപെടാറുണ്ട്. ഞാൻ അതെല്ലാം നന്ദിപൂർവ്വം ഇവിടെ ഓർമ്മിക്കുകയാണ്. എന്നാൽ അതിനിടയിലും ചില കാര്യങ്ങൾ ഈ

സബ്മിഷനിലൂടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്.

രണ്ടുകാര്യങ്ങളാണ് ഞാൻ സബ്മിഷനിലൂടെ ഇവിടെ ഉന്നയിക്കുന്നത്. ഒന്ന്, തൃപ്പൂണിത്തുറയിലെയും പരിസരപ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നത് സംബന്ധിച്ചുള്ള പ്രവൃത്തിയെക്കുറിച്ചാണ്. ഒന്നാമത്തേത്, 'ചൂണ്ടി'യിൽ നിന്നും തൃപ്പൂണിത്തുറയിലേക്കുള്ള ജലവിതരണത്തെ ആശ്രയിച്ചാണ് അവിടത്തെ കുടിവെള്ളക്ഷാമവും അതിന്റെ പരിഹാര കാര്യങ്ങളുമെല്ലാം നിലകൊള്ളുന്നത്. വർഷങ്ങൾക്ക് മുമ്പ് തൃപ്പൂണിത്തുറയിലും പരിസരപ്രദേശങ്ങളിലും പെരിയാറിലെ ജലം കിട്ടിക്കൊണ്ടിരുന്നതാണ്. 'ചൂണ്ടി' പദ്ധതി വന്നപ്പോൾ അവിടത്തെ ജലം ആവശ്യാനുസരണം കിട്ടുമെന്ന നിലയിലാണ് മുമ്പ് കിട്ടിക്കൊണ്ടിരുന്നത് ഒഴിവാക്കിയത്. എന്നാൽ 'ചൂണ്ടി'യിലെ ജലനിരപ്പ് കുറയാൻ തുടങ്ങിയതോടെ താല്ക്കാലിക തടയണ നിർമ്മിച്ചുകൊണ്ടാണ് പമ്പിംഗ് നടത്തുന്നത്. ഇപ്പോൾ അവിടത്തെ ജനങ്ങൾ താല്ക്കാലികമായി തടയണ സ്ഥാപിക്കാൻ സമ്മതിക്കുന്നില്ല. അവിടത്തെ പാലത്തിന് ബലക്ഷയം വരുമെന്ന കാരണംകൊണ്ട് അത് തടയുകയാണ്. വിവിധ ജനപ്രതിനിധികളുടെയും ജില്ലാഭരണകൂടത്തിന്റെയുമെല്ലാം സഹായത്തോടെ കഴിഞ്ഞവർഷം അവസാനത്തെ തടയണ കെട്ടി. സ്ഥിരം തടയണ നിർമ്മിക്കുന്നതിനുവേണ്ടി 8 കോടി രൂപ

നീക്കിവച്ചുകൊണ്ടുള്ള പദ്ധതി വരുന്നു. ഇനി സ്ഥിരം തടയണ വരുമെന്നുള്ളതുകൊണ്ട് താല്ക്കാലിക തടയണയുടെ ആവശ്യമില്ലായെന്നതാണ് ജനങ്ങളുടെ എതിർപ്പ് മറികടക്കാൻ അന്ന് പറഞ്ഞിരുന്നത്. ആദ്യഘട്ടത്തിൽ സ്ഥിരം തടയണ നിർമ്മിക്കുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയും ഇറിഗേഷൻ വകുപ്പും തമ്മിലുള്ള തർക്കത്തിന്റെ ഭാഗമായി കുറേ നീണ്ടുപോയി. ആദ്യം ഒരു കൂട്ടർ ഒരു ഡിസൈനുണ്ടാക്കുന്നു. വേറൊരു കൂട്ടർ വേറൊരു ഡിസൈനുണ്ടാക്കുന്നു. ഇതിൽ ഏത് വേണമെന്നതു സംബന്ധിച്ച ആശയക്കുഴപ്പമായിരുന്നു. അവസാനം മന്ത്രി തന്നെ ഇടപെട്ടുകൊണ്ട് ഇറിഗേഷൻ പണി നടത്തും വാട്ടർ അതോറിറ്റി പണം കൊടുക്കും എന്ന രീതിയിലാണ് കാര്യങ്ങൾക്ക് തീരുമാനമായത്. കഴിഞ്ഞ ഏപ്രിൽ മാസം 19-ാം തീയതിയാണ് ടെൻഡർ ക്ഷണിച്ചത്. ടെൻഡർ എല്ലാം അവാർഡ് ചെയ്തുകഴിഞ്ഞപ്പോഴാണ് മുൻപരിചയമില്ലാത്തതുകൊണ്ട് ആ കരാറുകാരനെ ഏല്പിക്കാനാവില്ലായെന്ന് പറയുന്നത്. എന്നാൽ ടെൻഡർ നോട്ടീസ് കൊടുക്കുന്ന സമയത്ത് അതിൽ മുൻപരിചയം വേണമെന്നൊരു ക്ലോസ് വച്ചിട്ടുമില്ല. പിന്നെ എവിടെനിന്നാണ് ഈ മുൻപരിചയം കയറി വന്നതെന്നറിയില്ല. ഇനി അങ്ങനെയാണെങ്കിൽ അടുത്ത പണി പെട്ടെന്ന് നോക്കേണ്ടതല്ലേ; റീ-ടെൻഡർ നടപടികൾ നോക്കേണ്ടതല്ലേ? ഇപ്പോൾ റീ-ടെൻഡർ നടപടികളിലേക്ക്

കടന്നുവെന്നാണ് അറിയുന്നത്; ഇന്നേയ്ക്ക് നാലുമാസം തികയുകയാണ്. ചിലരൊക്കെ എന്നോടു പറയുന്നത് ഇത് റെക്കോർഡ് വേഗമാണെന്നാണ്. എനിക്ക് അത് ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ളമാണ് വിഷയം; ജനങ്ങളുടെ കുടിവെള്ളം വച്ച് കളിക്കരുതെന്ന് ബന്ധപ്പെട്ട വകുപ്പിലെ മേധാവികളോട് കർശനമായി പറയാനുള്ള ആർജ്ജവം നമ്മുടെ ഗവൺമെന്റ് കാണിക്കേണ്ടതായിട്ടുണ്ട്. അല്ലെങ്കിൽ ഇത്തരത്തിലുള്ള നടപടികളിലെല്ലാം ദയാരഹിതമായ പ്രതികരണം ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാകും. ജനപ്രതിനിധിയെന്ന നിലയിൽ അതിന് നേതൃത്വം കൊടുക്കാൻ ഞാൻ നിർബന്ധിതനാകുകയും ചെയ്യും. ഞാൻ ഇക്കാര്യത്തിലേക്ക് കൂടുതൽ കടക്കുന്നില്ല. 'ചൂണ്ടി'യിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ടെൻഡർ നടപടികളും മറ്റുകാര്യങ്ങളും വേഗത്തിലാക്കി പ്രവൃത്തി തുടങ്ങുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. ഒരു ജനത കുടിവെള്ളം മുട്ടിക്കിടക്കുകയാണ്. അവരുടെ വികാരം ഇതിൽ കുറഞ്ഞ ഭാഷയിൽ ഈ സഭയിൽ അവതരിപ്പിക്കാൻ എനിക്ക് സാധിക്കില്ല.

രണ്ടാമത്തെ വിഷയം, തൃപ്പൂണിത്തുറയിലെ കുടിവെള്ളക്ഷാമത്തിന് ഒരു അളവുവരെ പരിഹാരം കാണാൻ നിലവിലുള്ള കാലപ്പഴക്കം ചെന്ന പൈപ്പ് ലൈൻ മാറ്റി 'ചൂണ്ടി'യിൽ നിന്നും രാമമംഗലം വരെ 900mm പൈപ്പ്

സ്ഥാപിക്കുന്നതിനുവേണ്ടി 5300 മീറ്റർ (അഞ്ചേകാൽ കിലോമീറ്റർ) പൈപ്പ് സ്ഥാപിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് റോഡ് മുറിക്കുന്നതിനുവേണ്ടി ജനങ്ങൾ സമ്മതിക്കുന്നില്ലായെന്ന സ്ഥിതി വന്നപ്പോൾ ബഹുമാന്യനായ കുന്നത്തുനാട് എം.എൽ.എ.യും ഞാനും പിറവം എം.എൽ.എ.യും നേരിട്ടുപോയി അവിടെ ഒരു യോഗം വിളിച്ച് ആളുകളെ സമാധാനിപ്പിച്ച് എല്ലാ പാർട്ടികളും ചേർന്ന് ജനങ്ങളുടെ സമ്മതം വാങ്ങി പൈപ്പിടുന്ന പണി തുടങ്ങി. മൂന്ന് റീച്ചായിട്ടാണ് പൈപ്പ് ഇടാൻ തീരുമാനിച്ചത്. പി.ഡബ്ല്യൂ.ഡി. ഒരു നിശ്ചിത തുക (ഏതാണ്ട് നാലേകാൽ കോടി രൂപ) കെട്ടി വയ്ക്കണമെന്നു പറഞ്ഞു. ആ പണമെല്ലാം കെട്ടിവച്ച് നിയമാനുസൃതം പൈപ്പിടുന്ന ജോലി തുടങ്ങുകയും ചെയ്തു. ഇപ്പോൾ മൂന്ന് റീച്ചിൽ രണ്ട് റീച്ച് പൂർത്തീകരിച്ചു. ഇനി ഒരു റീച്ചാണ് പൂർത്തീകരിക്കാനുള്ളത്. എന്നുവച്ചാൽ 3502 മീറ്റർ പൈപ്പിട്ടു കഴിഞ്ഞു. ബാക്കിയുള്ള 1800 മീറ്റർ മാത്രമേ ഇനി പൈപ്പിടാനുള്ളൂ. ഈ പണിയെല്ലാം സുഗമമായി നീങ്ങുന്നതിനിടയിലാണ് പി.ഡബ്ല്യൂ.ഡി.യുടെ ഭാഗത്തുനിന്ന് പണി അടിയന്തരമായി നിർത്തിവയ്ക്കണമെന്ന് പറഞ്ഞ് ഒരു നോട്ടീസ് കൊടുത്തിരിക്കുന്നത്. അതിൽ 1,08,00,000 രൂപ കൂടുതലായി അടയ്ക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇത് എന്തുകൊണ്ടാണ് ഇങ്ങനെ പറഞ്ഞതെന്ന് ജനപ്രതിനിധികളായ ഞങ്ങൾക്ക് മനസ്സിലായിട്ടില്ല. ബന്ധപ്പെട്ട

വകുപ്പിനും വാട്ടർ അതോറിറ്റിക്കും മനസ്സിലായിട്ടില്ല. റോഡ് 1.5 മീറ്റർ വീതിയിൽ മുറിക്കുന്നതിനുള്ള പണമാണ് ആദ്യം അടച്ചത്. അതിൽ കൂടുതൽ തുക ആവശ്യപ്പെടണമെങ്കിൽ എന്ത് ശാസ്ത്രീയമായ പരിശോധനയാണ് നടത്തിയത്? ജോയിന്റ് ഇൻസ്പെക്ഷൻ നടത്താമായിരുന്നു; അതൊന്നും നടത്തിയിട്ടില്ല.

മി. ചെയർമാൻ: ശ്രീ. എം. സ്വരാജ് ....... 6 മിനിറ്റായി.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ അവസാനിപ്പിക്കാം. കുടിവെള്ള പ്രശ്നമായതുകൊണ്ടാണ്. ചുരുക്കിപ്പറഞ്ഞാൽ അഞ്ചേകാൽ കിലോമീറ്റർ പൈപ്പിടുന്നതിനു പകരം മൂന്നര കിലോമീറ്റർ പൈപ്പിട്ടതിനുശേഷം ബാക്കി പണി സ്തംഭിച്ചുനിൽക്കുകയാണ്. ഒരു കോടിയിലധികം രൂപ കെട്ടിവയ്ക്കണമെന്ന് പി.ഡബ്ല്യൂ.ഡി. പറയുന്നു. ഇതിനൊരു തീരുമാനം വേണ്ടേ; ഇത് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാർ ചേർന്ന് തീരുമാനമെടുത്ത് ഇത് അവസാനിപ്പിക്കണ്ടേ; ഇത് അനിശ്ചിതമായിട്ട് ഇടാൻ പാടുണ്ടോ; എന്തുകൊണ്ടാണ് തുടക്കത്തിൽ പറഞ്ഞ തുക ഒരു ഘട്ടം കഴിഞ്ഞ് കൂട്ടി പറയുന്നത്; എന്താണ് ഇതിന്റെ അടിസ്ഥാനം? ഞാൻ വീണ്ടും എന്റെ എല്ലാ വികാരവും ഈ സഭയിൽ പ്രകടിപ്പിക്കുന്നു. കുടിവെള്ളം കൊണ്ട് കളിക്കരുത്. ഈ കാര്യത്തിൽ ഉദ്യോഗസ്ഥന്മാരെ നിലയ്ക്കുനിർത്തി യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായിട്ടുള്ള

നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷന്റെ ഭാഗമായി എനിക്ക് പറയാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തെ സംബന്ധിച്ചാണ് സൂചിപ്പിച്ചത്. അതാത് ഘട്ടങ്ങളിൽ ബഹുമാനപ്പെട്ട അംഗം ഇക്കാര്യത്തിൽ ഇടപെടുകയും മന്ത്രിയെന്ന നിലയിൽ ഞാനുമായി ബന്ധപ്പെടുകയും ചെയ്തപ്പോഴൊക്കെ ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്ത് ഓരോ പ്രശ്നങ്ങളും അഭിമുഖീകരിച്ച് അതിജീവിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാലും ചില പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ടെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സ് എന്നുപറയുന്നത് മൂവാറ്റുപുഴ ആറാണ്. അവിടെ 'ചൂണ്ടി' പദ്ധതിക്കുവേണ്ടി രാമമംഗലത്ത് സ്ഥിരമായ തടയണ നിർമ്മിക്കുന്നതിനുവേണ്ടി 11 കോടി രൂപയുടെ ഭരണാനുമതി വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. എൻ.ആർ.ഡി.ഡബ്ല്യൂ.പി. എന്ന സ്കീമിൽ ഉൾപ്പെടുത്തി. വാട്ടർ അതോറിറ്റി തടയണ നിർമ്മിക്കുന്നതിനേക്കാൾ മെച്ചപ്പെട്ടതായിരിക്കും ജലസേചന വകുപ്പെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.യും ഞാനും കൂടി ആലോചിച്ച ആ നിർമ്മാണം

ജലസേചന വകുപ്പിനെ ഏൽപ്പിച്ചു. ജലസേചന വകുപ്പ് ടെൻഡർ ചെയ്തിരുന്നു. എന്നാൽ ടെൻഡർ ചെയ്ത സമയത്ത് പ്രീ-ക്വാളിഫൈ ചെയ്തില്ലായെന്നതാണ് പ്രശ്നം. അതിന് നോട്ടീസ് ഇൻവൈറ്റിംഗ് ടെൻഡറിൽ പറഞ്ഞിരുന്ന നിബന്ധനകൾ പാലിക്കുന്ന രൂപത്തിൽ പ്രീ-ക്വാളിഫൈ ചെയ്തില്ലെങ്കിൽ എൽ-1 -ന് കരാർ ഉറപ്പിച്ചു കൊടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടായതുകൊണ്ട് അത് റീ-ടെൻഡർ ചെയ്തിട്ടുണ്ട്. റീ-ടെൻഡർ അനുസരിച്ച് അത് വിജയകരമായി വന്നാൽ അവരെ ഏൽപ്പിച്ച് പണി വേഗത്തിൽ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാമെന്നാണ്. അതിനിടയിൽ വന്നിരിക്കുന്ന ഒരു പ്രശ്നം, എൻ.ആർ.ഡി.ഡബ്ല്യൂ.പി. ഏറ്റെടുത്തിട്ടില്ലാത്ത ഒരു പ്രവൃത്തികളും ഇനി ഏറ്റെടുക്കേണ്ടെന്നും 25 ശതമാനമെങ്കിലും പൂർത്തീകരിക്കാത്തത് മുന്നോട്ടു കൊണ്ടുപോകേണ്ടെന്നുമുള്ള കർശനമായ നിർദ്ദേശം കേന്ദ്രഗവൺമെന്റിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഇത് കേരളത്തിലെ നിരവധി പദ്ധതികളെ ദോഷമായി ബാധിച്ചിരിക്കുകയാണ്. നടന്നുകൊണ്ടിരിക്കുന്ന 144 പദ്ധതികൾ തടസ്സപ്പെടുകയാണ്. ആ പദ്ധതികൾ പൂർത്തീകരിക്കാൻ ഏതാണ്ട് 1500 കോടി രൂപയോളം ആവശ്യമാണ്. അതെല്ലാം നിർത്തിവയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്നു. ഞാൻ കേന്ദ്രത്തിൽ പോയി മന്ത്രിയെ നേരിട്ടു കണ്ടു. പ്രധാനമന്ത്രി കേരളം സന്ദർശിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുത്ത

നിവേദനത്തിൽ പറഞ്ഞിട്ടുള്ളത് പ്രധാനമായും എൻ.ആർ.ഡി.ഡബ്ല്യൂ.പി.യിലുള്ള പദ്ധതികളുമായി മുന്നോട്ടു പോകുവാൻ ഒരു പ്രത്യേക പാക്കേജായി കേന്ദ്രത്തിന്റെ സഹായം വേണം എന്നതന്നെയാണ്. നമ്മൾ ഏറ്റെടുത്ത പദ്ധതികളിൽ 'ചൂണ്ടി'യിലെ തടയണയും അതിനകത്ത് വരുന്നതാണ്. കേന്ദ്രത്തിൽ നിന്ന് പണം കിട്ടാൻ തടസ്സമുണ്ടെന്നതിന്റെ പേരിൽ 'ചൂണ്ടി'യിലെ തടയണ നിർത്തിവയ്ക്കില്ല. പ്ലാൻ ഫണ്ടിലോ മറ്റു രൂപത്തിലോ പണം കണ്ടെത്തി റീ-ടെൻഡർ നടപടികളുമായി മുന്നോട്ടു പോയി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ വിളിച്ചിരിക്കുന്ന റീ-ടെൻഡർ വിജയകരമായി തന്നെ മുന്നോട്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ബഹുമാനപ്പെട്ട എം.എൽ.എ. രണ്ടാമത് പറഞ്ഞ പ്രശ്നം, 5300 മീറ്ററിൽ 600mm പഴയ എ.സി. പൈപ്പ് മാറ്റി 900 mm പൈപ്പിടുന്നതു സംബന്ധിച്ച് അദ്ദേഹം പറഞ്ഞ വസ്തുതകളൊന്നും ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. അതിൽ വന്നിരിക്കുന്ന ഒരു പ്രശ്നം, 26.07.2017-ൽ മൂവാറ്റുപുഴ പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ പണികൾ നിർത്തിവയ്ക്കണമെന്ന് പറഞ്ഞ് കത്ത് നൽകിയിരുന്നു. നേരത്തെ പറഞ്ഞ അധിക തുക മുഴുവൻ അടച്ചതാണ്. പി.ഡബ്ല്യൂ.ഡി. തയ്യാറാക്കുന്ന എസ്റ്റിമേറ്റ് അധികരിച്ചുപോകുന്നുവെന്ന പരാതി വാട്ടർ അതോറിറ്റിക്കുണ്ട്.

ചിലപ്പോൾ പി.ഡബ്ല്യൂ.ഡി. യിൽ നിന്ന് എസ്റ്റിമേറ്റ് തുക കിട്ടാൻവേണ്ടി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ അധികരിക്കുന്നുവെന്ന പരാതി പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥർക്കുമുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി ഞാനും ബഹുമാനപ്പെട്ട പൊതുമരാമത്ത് മന്ത്രിയും രണ്ടുമൂന്നുവട്ടം ഇതൊരു പൊതുകാര്യമെന്ന നിലയിൽ ചർച്ച ചെയ്തിട്ടുണ്ട്. ഇവിടെയുള്ള പ്രശ്നം, സമ്മതിച്ചിരുന്നതിനേക്കാൾ കൂടുതൽ വീതിയിൽ കുഴിയെടുത്തതുമൂലം പി.ഡബ്ല്യൂ.ഡി.ക്ക് അധികമായി നഷ്ടമുണ്ടായി എന്നാണ് അവർ കണ്ടെത്തിയത്. അതിന്റെ പശ്ചാത്തലത്തിൽ എന്റെകൂടി നിർദ്ദേശമനുസരിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥരും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും ഒരുമിച്ച് 1:5 മുതൽ 1:7 വരെയുള്ള വീതിയിൽ പരിമിതപ്പെടുത്തിയാണ് റോഡ് കുഴിച്ചിട്ടുള്ളതെന്നും പി.ഡബ്ല്യൂ.ഡി. അങ്ങനെയാണ് പുനർനിർമ്മിച്ചിട്ടുള്ളതെന്നും 01.08.2017-ൽ നടത്തിയ ജോയിന്റ് ഇൻസ്പെക്ഷനിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് പണം അടയ്ക്കേണ്ടതില്ലായെന്നുള്ളതിൽ ഞങ്ങളും ഉദ്യോഗസ്ഥരും തമ്മിൽ തർക്കം നിലനില്ക്കേണ്ട കാര്യമില്ല. അതിലിടപെട്ട് ആ പ്രശ്നം പരിഹരിച്ച് പൈപ്പ് പൂർണ്ണമായി മാറ്റിയിടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## റോഡ് പുനർനിർമ്മാണവും ടോൾ പിരിവ് നിർത്തലാക്കലും

ശ്രീ. മുഹമ്മദ് മുഹസിൻ.പി: സർ, എന്റെ മണ്ഡലത്തിലൂടെ കടന്നുപോകുന്ന പ്രധാനപ്പെട്ട സംസ്ഥാന പാതയാണ് ഷൊർണ്ണൂർ-പെരിന്തൽമണ്ണ സംസ്ഥാന പാത. ഈ പാതയിൽ 2013-ൽ 9.6 കോടി രൂപ ചെലവഴിച്ചുകൊണ്ട് റോഡ് പണി പൂർത്തിയാക്കിയതാണ്. പക്ഷെ കഴിഞ്ഞ ഒന്നുരണ്ടു വർഷമായി റോഡ് പൂർണ്ണമായും തകർന്ന അവസ്ഥയിലാണ്. ഇപ്പോൾ റോഡിൽ വലിയ വലിയ ഗർത്തങ്ങളാണ്. ഓരോ ദിവസവും അപകടങ്ങൾ നടക്കുകയാണ്. അപകടങ്ങൾ കാരണം മൂന്നുനാല് മരണങ്ങൾ സംഭവിച്ചിട്ടുണ്ട്. ഈ റോഡ് അറ്റകുറ്റപ്പണി നടത്തണമെന്ന് പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥരോട് പറയുമ്പോൾ ഇത് വിജിലൻസ് കേസിലായതുകൊണ്ട് പാച്ച് വർക്ക് ചെയ്യാൻ സാധിക്കുകയില്ലെന്നും വേറെ ഫണ്ട് ചെലവഴിക്കാൻ സാധിക്കില്ലെന്നും പറഞ്ഞു. അതിനുശേഷം ബന്ധപ്പെട്ട കോൺട്രാക്ടർ വഴി അറ്റകുറ്റപ്പണി ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നുപറയുകയും ഒരു പാച്ച് വർക്ക് ചെയ്യുകയും ചെയ്തു. പക്ഷെ മഴ പെയ്തതിന്റെ ഫലമായി രണ്ടു ദിവസം കൊണ്ട് ഇരട്ടി കുഴിയാകുകയും ചെയ്തു. ബസ് ഓണേഴ്സ്, ഓട്ടോ തൊഴിലാളികളടക്കമുള്ള ആളുകൾ സമരത്തിലേയ്ക്ക് പോകുകയാണ്. 13 കിലോമീറ്റർ ഉള്ള ഈ ഭാഗം, 20 മിനിറ്റുകൊണ്ട് സഞ്ചരിക്കാൻ പറ്റുന്ന സ്ഥാനത്ത് ഇപ്പോൾ

ഒന്നര മണിക്കൂർ എടുക്കുന്ന അവസ്ഥയാണുണ്ടായിട്ടുള്ളത്. ഇത് പൂർണ്ണമായും തകർന്നു കിടക്കുന്നതുകൊണ്ടുതന്നെ ഈ വിജിലൻസ് കേസിന് ആധാരമായ അഴിമതി നടത്തിയ ആളുകളെ കണ്ടെത്തി ശിക്ഷ നടപ്പാക്കുന്നതിനോടൊപ്പം ഈ റോഡ് ആളുകൾക്ക് യാത്ര ചെയ്യാൻ പറ്റുന്ന രൂപത്തിലേക്ക് മാറ്റാൻ വേണ്ടി അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിന്റെ അവസാനം ഒന്നര മണിക്കൂർ യാത്ര ചെയ്തുപോകുമ്പോൾ ആളുകൾക്ക് ഒരു ടോൾ പിരിവുംകൂടിയുണ്ട്. പുലാമന്തോൾ പാലത്തിലെ ടോൾ പിരിവ് 2005 മുതൽ തുടങ്ങിയതാണ്. ശരിക്കും പറഞ്ഞാൽ അതൊരു കൊള്ളപോലെയാണ് നടത്തുന്നത്. പാലത്തിന്റെ പാച്ച് വർക്കൊന്നും നടക്കുന്നില്ല. സ്പാനിന് കംപ്ലെയിന്റ് ഉണ്ടെന്നാണ് പറയുന്നത്. അത് ചെയ്യുന്നുമില്ല, ആളുകളിൽ നിന്നും ടോൾ പിരിവ് നടത്തുകയും ചെയ്യുന്നു. ടോൾ പിരിവ് അവസാനിപ്പിച്ച് റോഡ് പൂർണ്ണമായും യാത്രക്കാർക്ക് യാത്ര ചെയ്യാനുതകുന്ന രീതിയിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ):</u> സർ, 2011-12-ൽ പെരിന്തൽമണ്ണ റോഡിന് 8.50 കോടി രൂപയുടെ ഭരണാനുമതിയും 9 കോടി 70 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും ലഭിക്കുകയും Goodall

Construction Company, ഗോവ എന്ന സ്ഥാപനം അത് രണ്ടുശതമാനം കുറവിൽ എടുക്കുകയും ചെയ്തു. 15 മാസം കാലാവധിയായിരുന്നു. ഇപ്പോൾ ബി.എം.ബി.സി. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പാർശ്വഭിത്തി കെട്ടി തീർത്തിട്ടുണ്ട്. കലുങ്കുകളുടെ വീതി കൂട്ടുന്ന പ്രവൃത്തി, റോഡ് സുരക്ഷാ ക്രമീകരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രെയിനേജ് പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. കരാറുകാരന് ഇതുവരെ 8,60,93,261/-രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഇനി കരാറുകാരന് ഏതാണ്ട് ഒരു കോടിയിൽ ചില്വാനം രൂപ കൊടുക്കാനുണ്ട്. അതിനിടയ്ക്കാണ് 2015 ജനുവരി 7-ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സർപ്രൈസ് ചെക്കിംഗ് നടത്തുകയും ഫയലുകൾ കൊണ്ടുപോകുകയും ചെയ്തത്. 2017 ഏപ്രിലിൽ ഇപ്പോഴത്തെ എം.എൽ.എ. ശ്രീ. മുഹമ്മദ് മുഹസിൻ. പി (സബ്മിഷൻ ഉന്നയിച്ച ബഹുമാനപ്പെട്ട എം.എൽ.എ) മുൻകൈ എടുത്ത് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് കരാറുകാരനെ കൊണ്ട് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. റോഡ് വീണ്ടും പ്രശ്നമായിട്ടുണ്ട്. കരാറുകാരൻ വീണ്ടും അതിലെ കുഴികളൊക്കെ അടച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്താൻ വിജിലൻസ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി വേണ്ടിയിരുന്നു, അനുമതി കിട്ടിയതുകൊണ്ടാണ് അറ്റകുറ്റപ്പണികൾ നടത്തിയത്. പക്ഷെ റോഡിന്റെ മറ്റു പ്രവൃത്തികൾ നടത്തുന്നതിന് വിജിലൻസ് എൻക്വയറി

തടസ്സമാണ്. വിജിലൻസുമായി ചർച്ച ചെയ്ത് അവരുടെ റിപ്പോർട്ട് ഫൈനലൈസ് ചെയ്യുകയോ റോഡ് നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്യണമെന്ന നിർദ്ദേശം വയ്ക്കാം. അല്ലെങ്കിൽ വിജിലൻസ് എൻക്വയറി പൂർത്തീകരിച്ച് വേഗം റിപ്പോർട്ട് നൽകണമെന്ന നിലപാട് ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. 3,44,53,000/- രൂപ വായ്പയെടുത്തിട്ടാണ് പുലാമന്തോൾ പാലം നിർമ്മിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ടോൾ വരുന്നത്. 2005-ൽ തുടങ്ങിയ ടോൾ 2019-ൽ മാത്രമേ തീരുകയുള്ളൂ (15 വർഷം). ടോൾ നിയമം അനുസരിച്ച് അതിനുമുൻപ് ഈ പണം മുഴുവൻ കിട്ടിയാലും ഇല്ലെങ്കിലും 15 വർഷം ടോൾ പിരിക്കണം. ശ്രീ. പിണറായി വിജയൻ ഗവൺമെന്റ് വന്നശേഷം ഞാൻ 8 ടോൾ പിരിവുകൾ നിർത്തലാക്കി (കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് 100 കോടിയിൽ താഴെയുള്ള രണ്ട് ടോളുകളും സ്റ്റേറ്റ് ഗവൺമെന്റിന്റെ 6 ടോളുകളും.) ആ വകയിൽ സാമ്പത്തികനഷ്ടം സംസ്ഥാന ഗവൺമെന്റിന് വന്നിട്ടുണ്ട്. കാരണം പണം കൊടുത്തേ പറ്റുകയുള്ളൂ. ഇനി ഒന്നിനും പുതിയതായി ടോൾ വേണ്ടെന്നാണ്. ബാക്കിയുള്ള ടോളുകൾ നിർത്തലാക്കാൻ ആലോചിച്ചപ്പോൾ ഈ പണം ഗവൺമെന്റ് കൊടുക്കേണ്ടിവരും. അതൊരു നയ പ്രശ്നമായതിനാൽ നയപരമായി തീരുമാനമെടുത്തിട്ട് മതി ഇനി നമ്മൾ നിർത്തലാക്കുന്നത്.... ഫൈനാൻസിന്റെ

അപ്രൂവൽ വേണം. അതിനാൽ നിർത്തി വച്ചിരിക്കുകയാണ്. അതാണ് ടോളിനെപ്പറ്റി പറയാനുള്ളത്.

## റെയിൽപാത

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പലവട്ടം സഭയിൽ വന്നൊരു വിഷയമാണ് ഞാൻ സബ്മിഷനായി അവതരിപ്പിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച നിലമ്പൂർ-നഞ്ചൻകോട് പുതിയ റെയിൽവേപാത നിർമ്മിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കുന്നതിന് 8 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തു. ഈ സർക്കാർ വന്നശേഷം 24-06-2017-ന് 8 കോടി രൂപ ഡി.എം.ആർ.സി.ക്ക് നൽകുന്നതിനുവേണ്ടി ജി.ഒ. പുറപ്പെടുവിച്ചു. അതിനുശേഷം പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും ശ്രീ. ഇ. ശ്രീധരനും വയനാട്ടിൽ വരികയുണ്ടായി. വയനാട്ടിലെ എം.എൽ.എ. മാരായ ശ്രീ. പി. കെ. ശശി, ശ്രീ. ഒ. ആർ. കേളു തുടങ്ങിയവരും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ആ യോഗത്തിൽ വച്ച് വളരെ എളുപ്പം ലാഭകരമായി നടപ്പിലാക്കാൻ കഴിയുന്ന നിലമ്പൂർ-നഞ്ചൻകോട് റെയിൽവേയുടെ നടപടിയുമായി ഗവൺമെന്റ് വളരെ പെട്ടെന്നുതന്നെ മുന്നോട്ടുപോകുമെന്ന് അറിയിക്കുകയും വയനാട്ടിൽ നിന്നും തിരിച്ച് തിരുവനന്തപുരത്ത് എത്തിയതിനുശേഷം 8 കോടിയിൽ

നിന്നും ആദ്യഗഡുവായ 2 കോടി രൂപ ഡി.എം.ആർ.സി.യുടെ എറണാകുളം സൗത്ത് ബ്രാഞ്ചിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിൽ നൽകുന്നതിന് ഗവൺമെന്റിൽ നിന്നും ഉത്തരവിറങ്ങുകയും ചെയ്തു. അതിനുശേഷം മറ്റൊരു നടപടിയും ഉണ്ടായിട്ടില്ല. ഇത് വയനാട്ടുകാരുടെ മാത്രം വിഷയമല്ല, കേരളത്തിന്റെ ഒരു പൊതുവികസനമാണ്. ഏറ്റവും ലാഭകരമായ ഒരു പാതയാണിത്. ഈ വിഷയത്തിൽ ഗവൺമെന്റ് ഇടപെടുന്നുണ്ട്. എങ്കിൽപ്പോലും കുറച്ചുകൂടി ഗൗരവത്തിൽ ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ഇക്കാര്യത്തിൽ ഗവൺമെന്റ് കാര്യമായി ഇടപെടുന്നില്ലെന്ന് പറയുന്നത് അവിടെ നടക്കുന്നൊരു ക്യാമ്പയിനാണ്. ഞാൻ മുൻപ് നടന്ന ചർച്ചകളിലൊക്കെ ഇത് പറഞ്ഞിട്ടുണ്ട്. ആ ക്യാമ്പയിനാണ് ഇതിന്റെ ഏറ്റവും വലിയ ശത്രു. ഗവൺമെന്റ് ഇതിൽ കൂടുതൽ എന്ത് ഗൗരവത്തിൽ ഇടപെടാനാണ്; ഞാനതൊന്നും ഇപ്പോൾ പറയുന്നില്ല. ഞാൻ ഇത് ഏഴാമത്തെ തവണയാണ് സഭയിൽ പറയുന്നത്. ഇതിന് കർണ്ണാടക ഗവൺമെന്റ് എതിരാണ്. അവരാണ് നമ്മുടെ ശത്രു, അവർ ശത്രുവല്ല കടുവാ സങ്കേതമുണ്ട്. അവരുടെ കുറ്റമല്ല. ഇതെല്ലാം ഒഴിവാക്കി ഒരു അലൈൻമെന്റ്

ഉണ്ടാക്കാനാണ് നമ്മുടെ ധാരണ. അതിനാണ് കർണ്ണാടക ഗവൺമെന്റുമായി ചർച്ച ചെയ്യേണ്ടത്. വയനാട്ടിൽ കുറച്ചുപേർ ചാടിയിട്ട് കാര്യമില്ല. അവർ അത് മനസ്സിലാക്കണം. ഇതിന് നമ്മളാരും എതിരല്ല. നമുക്ക് പ്രശ്നമില്ല. നമുക്ക് കടുവാ സങ്കേതം ഇല്ല. അതുകൊണ്ട് അങ്ങ് ഉന്നയിച്ച വിഷയം ഗൗരവമുള്ളതാണ്. ഇതുസംബന്ധിച്ച് നമ്മൾ ഒരുമിച്ചല്ലേ ടൗൺ ഹാളിൽ മീറ്റിംഗ് നടത്തിയത്. ഇതിനകത്ത് കേരളത്തിൽ ആരും ശത്രുക്കളില്ല. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര റെയിൽവേ വകുപ്പിനുകൊടുത്ത എം.ഒ.യു.വിലെ ഒരു പ്രധാനപ്പെട്ട ഐറ്റമാണിത്. നമ്മൾ അതിൽ ഉറച്ചുനിൽക്കുകയാണ്. ഇതിന് 8 കോടി രൂപ അനുവദിച്ചതിൽ നിന്നും ഇപ്പോഴാണ് 2 കോടി രൂപ നൽകിയത്. അതിന് ശ്രീ. ഇ. ശ്രീധരന് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് ആ പണത്തിനൊരു പ്രശ്നവുമില്ല. പണം അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്താലും അവരുടെ അക്കൗണ്ടിൽ കിടക്കുകയേയുള്ളൂ. സംസ്ഥാന ഗവൺമെന്റ് കർണ്ണാടക ഗവൺമെന്റുമായി ബന്ധപ്പെട്ട് ഒരു ബദൽ അലൈന്റ്മെന്റ് ഉണ്ടാക്കി അത് നടപ്പിലാക്കുന്നതിന് ഉറച്ചുനിൽക്കുകയാണ് വേണ്ടത്. അത് നാട്ടുകാരോട് പറയുക. നമ്മൾ ഒരുമിച്ച് പറഞ്ഞാൽ മതി.

## റെയിൽവേ മേൽപ്പാലം

**ശ്രീ. കെ. ജെ. മാക്സി:** സർ, കൊച്ചിയിലെ വില്ലിംഗ്ടൺ ഐലന്റിൽ

വാത്തുരുത്തിയോട് ചേർന്ന് റെയിൽവേ മേൽപ്പാലം സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 1943-ഓടുകൂടിയാണ് വില്ലിംഗ്ടൺ ഐലന്റിലേയ്ക്ക് റെയിൽ മാർഗ്ഗത്തിലൂടെ ചരക്ക് നീക്കവും ദീർഘദൂര യാത്രാട്രെയിനുകളുടെ ആരംഭവും കുറിച്ചത്. ആ കാലഘട്ടത്തിൽ ഇത്രയധികം വാഹനപ്പെരുപ്പമുണ്ടായിരുന്നില്ല. ഒരു ദിവസം നാലും അഞ്ചും തവണ റെയിൽവേ ഗേറ്റ് അടച്ചിടുമായിരുന്നു. 2004-ൽ ഒരു ഡ്രെഡ്ജിംഗ് വെസ്സൽ വെണ്ടുരുത്തി പാലത്തിൽ മുട്ടിയതിന്റെ ഫലമായി തുറമുഖത്തേയ്ക്കുള്ള റെയിൽ മാർഗ്ഗങ്ങളെല്ലാം നിർത്തിയിരുന്നു. എന്നാൽ റെയിൽവേ ഇപ്പോൾ ആ പാലത്തിന്റെ പണി പൂർത്തീകരിച്ച് തുറമുഖത്തേയ്ക്ക് ചരക്ക് ട്രെയിനുകളുടെ യാത്ര ആരംഭിച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം അവിടെ 15 മിനിട്ട് ഗേറ്റ് അടച്ച് തുറന്നതിനുശേഷം നാല് മണിക്കൂറാണ് ഗതാഗതക്കുരുക്കുണ്ടായത്. കൊച്ചിയിലെ ജനങ്ങളിലെ 80 ശതമാനം പേരും എറണാകുളം ഭാഗത്തേയ്ക്ക് നിത്യവും ഇതിലൂടെയാണ് യാത്ര ചെയ്യുന്നത്. ഈയൊരു സ്ഥിതിയാണ് അവിടെയുള്ളത്. അടുത്ത വർഷം ആദ്യത്തോടുകൂടി തന്നെ അവിടെ നിന്ന് യാത്രാ ട്രെയിനുകൾ

ആരംഭിക്കാൻ പോകുകയാണ് എന്നാണ് സതേൺ റെയിൽവേ പറയുന്നത്. അങ്ങനെ യാത്ര ആരംഭിച്ചാൽ ഒരു ദിവസം 6-7 തവണ ഗേറ്റ് അടച്ചിട്ടാൽ കൊച്ചിയിലെ ജനങ്ങളുടെ യാത്ര ദുരിതപൂർണ്ണമാകും. കിഫ്ബിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 20 കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ ഇതിനായി മാറ്റിവച്ചിട്ടുണ്ട്. കൊച്ചി തുറമുഖത്തിന്റെ കുറച്ച് സ്ഥലം ആവശ്യമായി വന്നിരിക്കുകയാണ്. റെയിൽവേയുടെ അംഗീകാരം വേണം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇടപെട്ട് അടിയന്തരമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി ഇതിന്റെ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നിയമസഭയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ളതാണ് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതായ ഈ പ്രശ്നം. പള്ളുരുത്തി ROB ആണ്, 30 കോടി രൂപയാണ്, അതിന്റെ ഉത്തരവുകളിറങ്ങിയിട്ടുണ്ട്. സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ആർ.ബി.ഡി.സി.കെ.-യെ തീരുമാനിച്ചിട്ടുണ്ട്. എല്ലാം

ചെയ്തുകഴിഞ്ഞു. ഇടപ്പള്ളി-അരൂർ നാഷണൽ ഹൈവേ വാത്തുരുത്തി ഗേറ്റിന് പകരമായിട്ടാണ് ROB നിർമ്മിക്കേണ്ടത്. സ്ഥലത്തിന്റെ ഏറിയ പങ്കും കേന്ദ്രഗവൺമെന്റിന്റെ തുറമുഖ ശാലയുടെ കയ്യിലാണ്. നിസ്സാരമായ കാര്യമല്ല ഇത്. അവരുടെ അനുവാദം ലഭിക്കണം. കരട് അലൈൻമെന്റ് പ്ലാൻ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന് കഴിഞ്ഞ വർഷം തന്നെ അയച്ചിട്ടുണ്ട്. അവർ അനുമതി നൽകിയിട്ടില്ല. അതാണ് പ്രശ്നം. അന്നത്തെ റെയിൽവേയുടെ ചുമതലയുണ്ടായിരുന്ന സംസ്ഥാന ഊർജ്ജവകുപ്പുമന്ത്രി ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. പോർട്ട് ട്രസ്റ്റ് ചെയർമാൻ, കേരള ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ് ഇവരെല്ലാം ചേർന്നുകൊണ്ട് ട്രൈ പാർട്ടി എഗ്രിമെന്റ് പ്രകാരം നൽകേണ്ട 13.91 ഏക്കർ സ്ഥലത്തിന്റെ കാര്യത്തിൽ തീരുമാനമായാൽ മാത്രമേ NOC നൽകാൻ സാധിക്കുകയുള്ളൂവെന്നാണ് കേന്ദ്ര തുറമുഖവകുപ്പ് പറയുന്നത്. ഈ വിഷയം റവന്യൂ വകുപ്പ് മുഖേന കൊച്ചി തുറമുഖ ട്രസ്റ്റിന്റെ അനുമതിക്കായി സർക്കാർ ശ്രമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി വിഷയം അവതരിപ്പിച്ച ബഹുമാനപ്പെട്ട എം.എൽ.എ. അടക്കം മറ്റ് എം.എൽ.എ.-മാരും ഞാനും പങ്കെടുത്ത് 14-07-2017-ൽ ഒരു യോഗം

ചേരുകയുണ്ടായി. അവിടെ വച്ച് കേന്ദ്ര തുറമുഖ വകുപ്പിൽ നിന്നും അനുമതി വാങ്ങാൻ കളക്ടറെ സ്പെസിഫിക്കായി ചുമതലപ്പെടുത്തിയിരിക്കുകയാണ്. അവർ അതിന്റെ റിപ്പോർട്ട് നൽകിയിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. അവരുമായി ബന്ധപ്പെട്ട് കേന്ദ്ര തുറമുഖവകുപ്പിന്റെ അനുവാദം വാങ്ങാനുള്ള പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകണം. വിമാനത്താവളത്തിന്റെ അനുമതി ആവശ്യമാണ്. കാരണം നാവിക വിമാനത്താവളത്തിന്റെ അടുത്താണിത്. പഴയ എയർപോർട്ട് അടുത്താണ് സ്ഥിതി ചെയ്യുന്നത്. നേവിയുടെയും തുറമുഖ ട്രസ്റ്റിന്റെയും അനുമതി ലഭിച്ചാൽ കിഫ്ബിയിൽ അനുമതിക്കായി സമർപ്പിക്കാൻ കഴിയും. അതുവരെ നമുക്ക് ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കില്ല. കാരണം സ്ഥലം നമ്മുടെ കയ്യിലില്ല. ഇത് കേന്ദ്ര-സംസ്ഥാന ബന്ധം മാത്രമല്ല, സുരക്ഷിത മേഖലയിലാണ്. ഇക്കാര്യങ്ങളെല്ലാം ബോദ്ധ്യപ്പെടുത്തി ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ ഒരു ധൃതി കാണിച്ചിട്ട് കാര്യമില്ല. കിഫ്ബിയിൽ പ്രഖ്യാപിക്കുന്നത് വിഷമമില്ല. പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ ഇതുപോലുള്ള പ്രശ്നങ്ങളുമുണ്ട്. അതൊരു നല്ല ഉദ്ദേശമാണ്. സാധാരണ പാലം പോലെയല്ല. അക്കാര്യത്തിൽ കൂട്ടായി നമ്മൾ

പ്രവർത്തിക്കുകയാണ്. കളക്ടറുമായി ബന്ധപ്പെട്ട് റിപ്പോർട്ട് നൽകിയതിനുശേഷം തുടർ നടപടി സ്വീകരിക്കാം.

## എക്സൈസ് റേഞ്ച് ഓഫീസ്

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജക മണ്ഡലത്തിൽ പാലോട് കേന്ദ്രമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം വർഷങ്ങളായി നിലനിൽക്കുകയാണ്. ഈ പ്രദേശം ഒരു ആദിവാസി മേഖല കൂടിയാണ്. ഏകദേശം 2371 കുടുംബങ്ങൾ മൂന്ന് (നന്ദിയോട്, പാങ്ങോട്, പെരിങ്ങമ്മല) പഞ്ചായത്തുകളിലായി ഉണ്ട്. ആദിവാസികളുടെ മാത്രം ജനസംഖ്യ ആറായിരത്തിലധികമാണ്. തൊട്ടടുത്തുള്ള അരുവിക്കര നിയോജക മണ്ഡലത്തിലെ വിതുര പഞ്ചായത്ത് ഇതിനോട് ചേർന്ന പ്രദേശമാണ്. അതും ആദിവാസി മേഖലയാണ്. ആദിവാസി ജനസംഖ്യ തന്നെ പതിനായിരത്തിലധികമുണ്ട്. പട്ടികജാതി ജനസംഖ്യ അതിൽ കൂടുതലാണ്. വനപ്രദേശമാണ്. ഇപ്പോൾ ഇത് വാമനപുരം റേഞ്ച് ഓഫീസിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. വാമനപുരം എക്സൈസ് ആഫീസിൽ നിന്ന് ഈ പ്രദേശത്തിന്റെ ഉള്ളിലേയ്ക്ക് എത്താൻ 40

കിലോമീറ്ററിലധികം ദൂരമുണ്ട്. ഈ പ്രദേശം മയക്കുമരുന്നിന്റെയും ലഹരി വ്യാപാരത്തിന്റെയും ആധിക്യമുള്ള സ്ഥലങ്ങളാണ്. അത് ഈ സഭയുടെ ശ്രദ്ധയിൽ വന്നിട്ടുള്ള വിഷയമാണ്. അടുത്ത കാലത്ത് ഈ സഭയിൽ ചർച്ചാ വിഷയമായ ഞാറനീലി ഈ പ്രദേശത്താണ്. അവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സന്ദർശനം നടത്തി, നിയമസഭാ സമിതി സന്ദർശനം നടത്തി, ഇന്നലെ പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി എ.കെ. ബാലൻ അവിടെ എത്തുകയും ആ പ്രദേശത്തെ ഊരുകൂട്ടങ്ങളുമായും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും ചെയ്തതാണ്. അതിൽ തന്നെ പ്രധാനമായും ഉയർന്നുവന്ന ഒരു നിർദ്ദേശം അവിടെ ഒരു എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കണമെന്നുള്ളതാണ്. എക്സൈസ് വകുപ്പിന്റെയും സജീവമായ പരിഗണനയിൽ ഈ വിഷയമുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വർദ്ധിച്ചുവരുന്ന ലഹരിമരുന്ന് കച്ചടവത്തിന്റെയും ഉപയോഗത്തിന്റെയും ഇന്നത്തെ പരിസ്ഥിതികൂടി പരിശോധിച്ചുകൊണ്ടും സമകാലികമായി ഉയർന്നുവന്ന ചർച്ചയുടെ അടിസ്ഥാനത്തിലും വളരെ അടിയന്തരമായി പാലോട് കേന്ദ്രമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ്

ഈ സബ്മിഷനിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, പാലോട് കേന്ദ്രമാക്കി ഒരു പുതിയ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. ഈ പ്രദേശത്തെ മങ്കയം, ബ്രൈമൂർ, കട്ടിലക്കുഴി, ഇലഞ്ചിയം, അടിപ്പറമ്പ്, ശാസ്താനട, വെങ്കോല, മണലയം, കുറുവനാട്, അഞ്ചാണിക്കുഴിക്കര എന്നിവിടങ്ങൾ അബ്കാരി കുറ്റകൃത്യങ്ങൾ കൂടിയ മേഖലയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലോട്, മാടത്തറ എന്നീ സ്ഥലങ്ങളിൽ കഞ്ചാവിന്റെ വിൽപ്പനയും ഉപഭോഗവും വ്യാപകമായി കണ്ടുവരുന്നുണ്ട്. ആദിവാസി ഊരുകളും പട്ടികജാതി പട്ടികവർഗ്ഗ കോളനികളും ഉൾപ്പെടുന്ന മേഖലയാണിത്. ഈ സാഹചര്യത്തിൽ മദ്യവും മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനും പുതിയ റേഞ്ച് ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം എക്സൈസ് കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്. പാലോട് കേന്ദ്രമാക്കി പുതിയ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ തസ്തികകളെ സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാണ്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് മേൽനടപടികൾ

സ്വീകരിക്കുന്നതാണ്.

## സർക്കാർ കോളേജ്

ശ്രീ. ആന്റണി ജോൺ: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കുട്ടമ്പുഴ പഞ്ചായത്തിൽ സർക്കാർ കോളേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്ത് 545 ചതുരശ്ര കിലോ മീറ്റർ വിസ്തൃതി വരുന്നതും ഏതാണ്ട് ആലപ്പുഴ ജില്ലയോളം വിസ്തൃതി വരുമെന്നുമാണ് കണക്കാക്കുന്നത്. 10-18 ആദിവാസി കുടികളും ഏതാണ്ട് ആറായിരത്തോളം വരുന്ന ആദിവാസി സമൂഹവും അധിവസിക്കുന്ന ഒരു മേഖലയാണ്. 1997-വരെ ഈ പഞ്ചായത്ത് ഇടുക്കി ജില്ലയുടെ ഭാഗമായിരുന്നു. അന്ന് ദേവികുളം മണ്ഡലത്തിലായിരുന്നു. 1997 ജനുവരി 1 മുതലാണ് ഈ പഞ്ചായത്ത് എറണാകുളം ജില്ലയുടെ ഭാഗമായി കൂട്ടിച്ചേർത്തത്. അയ്യായിരത്തിൽപ്പരം വരുന്ന ആദിവാസി സമൂഹവും അതുപോലെ ഏതാണ്ട് ഇതേ എണ്ണം വരുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ട ആളുകളും ഈ പഞ്ചായത്തിൽ അധിവസിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ ഒരു ഗവൺമെന്റ് കോളേജ്

വേണമെന്നുള്ള ആവശ്യത്തെ സംബന്ധിച്ച് വർഷങ്ങളുടെ പഴക്കമുണ്ട്. ഊരുക്കൂട്ടങ്ങളും ഈ ആവശ്യം നിരവധി ഘട്ടത്തിൽ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുള്ളതുമാണ്. ഇപ്പോൾ അവിടത്തെ സ്ഥിതി 60-70 കിലോമീറ്റർ കാനനപാതകൾ സഞ്ചരിച്ച് കോതമംഗലത്തോ എറണാകുളം ജില്ലയുടെ മറ്റിതര പ്രദേശങ്ങളിൽ എത്തിയാൽ മാത്രമേ ഇവർക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരമുള്ളൂ. ഈ പഞ്ചായത്തിൽ തന്നെ 2 ഹൈസ്കൂളുകളും ഒരു ഹയർ സെക്കണ്ടറി സ്കൂളും ഉണ്ട്. അവിടെ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരം ആദിവാസി സമൂഹത്തിൽപ്പെട്ട കുട്ടികൾക്ക് ലഭിക്കുന്നില്ല. മുതുവാൻ, വണ്ണാൻ, ഉള്ളാടൻ ആദിവാസി വിഭാഗത്തിൽപ്പെട്ടവരാണ് ഈ പഞ്ചായത്തിൽ കൂടുതലായി അധിവസിക്കുന്നത്. വർഷങ്ങളുടെ പഴക്കമുള്ള ഈ ഒരാവശ്യത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കോളേജ് വിദ്യാഭ്യാസ ഡയറക്ടറും മറ്റും അവിടെ സന്ദർശനം നടത്തുകയും അതുമായി ബന്ധപ്പെട്ട് ആലോചനകൾ തുടർന്നുപോയിട്ടുമുണ്ട്. എന്നിരുന്നാലും അതിനുവേണ്ടിയുള്ള ഒരു ശാശ്വതമായ പരിഹാരം ഇത്രയുംകാലം ഉണ്ടായിട്ടില്ല. ആദിവാസി സമൂഹത്തിന്റെ വിദ്യാഭ്യാസ-സാമൂഹിക ഉന്നമനത്തിനുവേണ്ടി അടുത്ത

അദ്ധ്യയന വർഷത്തോടുകൂടിയെങ്കിലും ഈ പഞ്ചായത്തിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ ഒരു ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നതിന്റെ ആവശ്യകത, സ്ഥലലഭ്യത, അടിസ്ഥാന സൗകര്യലഭ്യത, മറ്റ് സഹായങ്ങൾ എന്നിവ സംബന്ധിച്ച് സ്ഥലം സന്ദർശിച്ച് വിശദമായ ഒരു സാദ്ധ്യതാ പഠന റിപ്പോർട്ട് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സർക്കാർ ടി വിഷയം പരിശോധിച്ചുവരികയാണ്.

## സ്പെഷ്യൽ സ്കൂളുകൾ

ശ്രീ. വി. ടി. ബൽറാം: സർ, സ്വാതന്ത്ര്യത്തിന്റെ എഴുപതാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ ഓരോരുത്തർക്കും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ബാദ്ധ്യത നമുക്കുണ്ട്. വികലാംഗ അവകാശ നിയമം, 2016 (RPD Act) ദേശീയ തലത്തിൽ തന്നെ

പാസ്സാക്കപ്പെട്ടിരിക്കുന്നു. അതുമായി ബന്ധപ്പെട്ട സമഗ്രമായ കാഴ്ചപ്പാടിലേയ്ക്ക് സംസ്ഥാന ഗവൺമെന്റ്, എല്ലാ കാര്യത്തിലും കേരളം നമ്പർ വൺ എന്ന് അവകാശപ്പെടുമ്പോൾ, ഈ മേഖലയിൽ നമ്മുടെ പ്രവർത്തനം അത്രത്തോളം മുന്നോട്ട് പോയിട്ടുണ്ടോയെന്ന് സത്യസന്ധമായ ആത്മപരിശോധനയ്ക്ക് മുന്നോട്ട് വരണമെന്നാണ് ഈ അവസരത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ സ്കൂളുകളിൽ ഏതാണ്ട് ആറ് മുതൽ എട്ട് ലക്ഷം വരെ കുട്ടികൾ ഭിന്നശേഷിയുള്ളവരായി കണക്കാക്കപ്പെടുന്നു. ഇപ്പോൾ ഇവർക്കുവേണ്ടി പല കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും പല രീതിയിലുള്ള ബുദ്ധിമുട്ടുകളും അവർ അനുഭവിക്കുന്നുണ്ട്. അവർക്കുവേണ്ടി ഇനിയും കുറേ കാര്യങ്ങൾകൂടി ചെയ്യാനുമുണ്ട്. സർക്കാരിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തെ പാങ്ങപ്പാറയിൽ ഒരു സ്പെഷ്യൽ സ്കൂൾ (SIMC) മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. ബാക്കി ഏതാണ്ട് മുന്നൂറോളം സ്പെഷ്യൽ സ്കൂളുകൾ സർക്കാർ ഇതരസംഘടനകളുടെയും എൻ.ജി.ഒ.കളുടെയും നേതൃത്വത്തിലാണ് നടന്നുവരുന്നത്. ഇതിൽപ്പെട്ട ഗുണനിലവാരമുള്ള സ്കൂളുകൾക്ക് എയിഡഡ് പദവി നൽകുന്നതിനുവേണ്ടിയുള്ള തീരുമാനം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 2015-ൽ എടുത്തിരുന്നു. പിന്നീട് അൻപത് കുട്ടികളാണെങ്കിൽപ്പോലും പരിഗണിക്കാമെന്ന് പറഞ്ഞുകൊണ്ട് രണ്ടാമതൊരു തീരുമാനമെടുത്തിരുന്നു. അത്

യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനകാലത്ത് എടുത്ത തീരുമാനമായതുകൊണ്ട് ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിലുള്ള ക്യാബിനറ്റ് സബ്കമ്മിറ്റി പുനഃപരിശോധിക്കുകയാണെന്നാണ് പറയുന്നത്. ഇക്കാര്യത്തിൽ വളരെയധികം കാലതാമസമുണ്ടാകുന്നുണ്ട്. നിസാരമായ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് എയിഡഡ് പദവി നൽകുന്ന തീരുമാനം അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന സാഹചര്യമാണ് ഇപ്പോൾ കാണാൻ സാധിക്കുന്നത്. ഇതിന് സ്പെഷ്യൽ റൂൾസ് വേണമെന്നാണ് വിദ്യാഭ്യാസ വകുപ്പ് പറയുന്നത്. പക്ഷേ ഇതിനുമുമ്പ് നടന്ന ഒരു കാര്യത്തിനും സ്പെഷ്യൽ റൂൾസിന്റെ ആവശ്യം വേണ്ടിവന്നിട്ടില്ല. ശ്രവണവൈകല്യമുള്ള കുട്ടികൾക്കുള്ള സ്പെഷ്യൽ സ്കൂളുകളുടെ കാര്യത്തിൽ സ്പെഷ്യൽ റൂൾസിന്റെ ആവശ്യമൊന്നും വന്നിട്ടില്ല. ഈ കാരണം പറഞ്ഞ് നീട്ടിക്കൊണ്ടുപോകുന്ന ഒരു സാഹചര്യമുണ്ട്. ഇത് വളരെ ബുദ്ധിമുട്ടാണ്. ഇവിടുത്തെ അദ്ധ്യാപകരടക്കമുള്ള ജീവനക്കാരുടെ കാര്യം വളരെ പരിതാപകരമാണ്. സാധാരണ പാചകത്തൊഴിലാളികൾക്ക് ലഭിക്കുന്ന ശമ്പളംപോലും ഇവിടെ അദ്ധ്യാപകർക്ക് ലഭിക്കുന്നില്ല. ഇരുപത്തിയഞ്ചും മുപ്പതും വർഷമായി ജോലി ചെയ്തുകൊണ്ടിരിക്കുന്നവർക്ക് പതിനായിരം രൂപ പോലും തികച്ചുകിട്ടാത്ത അവസ്ഥയാണുള്ളത്. മൂവായിരത്തിഅഞ്ഞൂറോളം സ്പെഷ്യൽസ്കൂൾ അദ്ധ്യാപകർ

കഴിഞ്ഞദിവസം തിരുവനന്തപുരത്ത് സമരം നടത്തുകയുണ്ടായി. അവരുടെ പ്രശ്നം തീർച്ചയായും പരിഹരിക്കേണ്ടതുണ്ട്.

മി. സ്പീക്കർ: യെസ്....യെസ്..

ശ്രീ. വി. ടി. ബൽറാം: ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇന്ന് വെള്ളിയാഴ്ചയായതിനാൽ ഈ വിഷയം നമുക്ക് സമയമെടുത്ത് ചർച്ച ചെയ്യാം.

മി. സ്പീക്കർ: പുറകിലിരിക്കുന്ന അംഗം പ്രമേയം അവതരിപ്പിച്ച് ചർച്ച ചെയ്യാനിരിക്കുകയാണ്.

ശ്രീ. വി. ടി. ബൽറാം: ഞാൻ അവസാനിപ്പിക്കാം. ഇക്കാര്യത്തിൽ സമഗ്രമായ നയമുണ്ടാക്കണം. അതുപോലെ ആർ.എം.എസ്.എ. അദ്ധ്യാപകരെ അങ്ങോട്ടുമിങ്ങോട്ടും ട്രാൻസ്ഫർ നടത്തി, ഓണം എത്തിയ ഈ അവസരത്തിലാണ് പലർക്കും സ്കൂളുകളിൽ ജോയിൻ ചെയ്യാൻ സാധിച്ചത്. 5:1 എന്ന അനുപാതമുണ്ടെങ്കിൽപ്പോലും പലപ്പോഴും അത് പാലിക്കപ്പെടുന്നില്ല. ഇക്കാര്യത്തിൽ സമഗ്രമായ ഇടപെടലുണ്ടാകണം. കുട്ടികളുടെ അവകാശം വളരെ പ്രധാനമാണ്. പലപ്പോഴും അത് നിഷേധിക്കപ്പെടുന്നതായി കാണാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 28,500/- രൂപ ഈ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകണമെന്ന് പറയുന്നുണ്ടെങ്കിൽപ്പോലും പലപ്പോഴും

2500/- ഉം 3000/- രൂപയാണ് നൽകുന്നത്. ഈ വിഷയം പഞ്ചായത്ത് വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ എല്ലാ പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളും അവരുടെ ഉത്തരവാദിത്തം നിർവ്വഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തണം. ഇവർക്ക് സൗജന്യവിദ്യാഭ്യാസം നൽകുക എന്നത് വളരെ പ്രധാനമാണ്. നാൽപ്പത്തിമൂന്ന് ലക്ഷം വരുന്ന മറ്റ് കുട്ടികൾ പഠിക്കുന്നത് സൗജന്യ സ്ഥാപനങ്ങളിലാണ്. എന്നാൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കൂളിന്റെ കാര്യം വരുമ്പോൾ മാത്രം അതിനുള്ള അവസരമില്ല എന്നുപറയുന്ന സാഹചര്യമുണ്ട്. പതിനെട്ട് വയസ് കഴിയുന്ന കുട്ടികൾക്ക് ഒരു തൊഴിലിലേയ്ക്ക് കടന്നുചെല്ലാൻ സാധിക്കുന്നതരത്തിലുള്ള സ്കിൽ ഡെവലപ്മെന്റിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ഇല്ലെങ്കിൽ ഒരു പ്രായം കഴിഞ്ഞാൽ ഈ കുട്ടികൾ അവരുടെ മാതാപിതാക്കൾക്ക് ഒരു ബാധ്യതയായി മാറും. അതുകൊണ്ടുതന്നെ അവർക്ക് സ്കിൽ ഡെവലപ്മെന്റിനുവേണ്ടിയുള്ള പ്രത്യേക ഇടപെടലുണ്ടാകണം. അത് വിജയകരമായി പൂർത്തീകരിക്കുന്നവരെ ഏതെങ്കിലും തരത്തിൽ അബ്സോർബ് ചെയ്യാൻ നമ്മുടെ സർക്കാർ സംവിധാനങ്ങൾക്കും പൊതുമേഖലാ സംവിധാനങ്ങൾക്കും സാധിക്കണം. പ്രായമായ ഭിന്നശേഷിക്കാരുടെ പുനഃരധിവാസത്തിനുള്ള നടപടികൾ കേരളത്തിൽ നടക്കുന്നില്ല. പ്രത്യേകിച്ചും

ബുദ്ധിപരമായ വൈകല്യമുള്ളവർ അവരുടെ പ്രായമായ മാതാപിതാക്കളെ നോക്കേണ്ട സാഹചര്യം വന്നാൽ ഈ കുട്ടികൾക്ക് അതിന് കഴിയുന്നില്ല. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ളവർക്ക് സ്ഥിരമായ പുനഃരധിവാസ കേന്ദ്രം വിവിധ തലങ്ങളിൽ, താലൂക്കിൽ ഒന്ന് എന്ന രീതിയിലെങ്കിലും മുന്നോട്ട് കൊണ്ടുപോകണം. നമ്മുടെ പഞ്ചായത്തുകളുടെ കീഴിൽ 67 ബഡ്സ് സ്കൂളുകളുണ്ട്. കുറച്ച് affordable ആയിട്ടുള്ള ആളുകൾക്ക് മറ്റ് സ്വകാര്യസ്ഥാപനങ്ങളിൽ പോകാൻ സാധിക്കും, എന്നാൽ ഒരു നിവൃത്തിയുമില്ലാത്തവർ പോകുന്ന സ്ഥലമാണ് നമ്മുടെ പഞ്ചായത്തുകളുടെ ബഡ്സ് സ്കൂളുകൾ.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..........

ശ്രീ. വി. ടി. ബൽറാം: ഇത്തരത്തിലുള്ള കാര്യങ്ങളെക്കുറിച്ച് സമഗ്രമായി ഇടപെടാനും ഈ പറഞ്ഞ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്താനും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് വകുപ്പ്, സാമൂഹ്യനീതി വകുപ്പ് അടക്കമുള്ള എല്ലാ വകുപ്പുകളുമായി സഹകരിച്ച് സമഗ്രമായ ഇടപെടൽ എത്രയുംവേഗം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, മാനസിക

വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന രജിസ്ട്രേഷനുള്ള നാന്നൂറോളം വിദ്യാലയങ്ങൾ സംസ്ഥാനത്തുണ്ട്. ഇതിൽ ഒരു സർക്കാർ സ്കൂളും 65 ബഡ്സ് സ്കൂളുകളും ഉൾപ്പെടുന്നു. രജിസ്ട്രേഷനുള്ള ഈ സ്കൂളുകൾക്ക് കേന്ദ്ര-സംസ്ഥാന ഗ്രാന്റുകൾ നൽകിവരുന്നുണ്ട്. സംസ്ഥാന സർക്കാർ ഗ്രാന്റ് കൃത്യമായി  നൽകുന്നുണ്ട്. എന്നാൽ കഴിഞ്ഞ രണ്ടുവർഷത്തിലധികമായി കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാജ്യത്തിന് ആകെ മാതൃകയായി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ഒരു കോടി രൂപ ചെലവിൽ കുട്ടികൾക്ക് 20,000 പാഠപുസ്തകങ്ങളും വർക്ക്ബുക്കുകളും അദ്ധ്യാപകർക്കുള്ള 1500-ൽ അധികം ഹാന്റ്ബുക്കുകളും അച്ചടിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ ഫലപ്രദമായ ഉപയോഗത്തിനായി  എല്ലാ ജില്ലകളിൽ നിന്നുമുള്ള 2118 അദ്ധ്യാപകർക്ക് നാല് ദിവസത്തെ റെസിഡൻഷ്യൽ പരിശീലനം ജില്ലാ കേന്ദ്രങ്ങളിൽ നൽകിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് ലഭിക്കുന്ന സ്കോളർഷിപ്പുകൾ അടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും ഈ കുട്ടികൾക്കും നൽകിവരുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്ന നൂറ് കുട്ടികളിൽ കൂടുതൽ പഠിക്കുന്ന മുപ്പത്തിമൂന്ന് സ്കൂളുകൾക്ക് എയിഡഡ് പദവി നൽകിക്കൊണ്ട് 9.02.2016-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് മന്ത്രിസഭാ ഉപസമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിന്

ആവശ്യമായ സ്പെഷ്യൽ റൂൾസ്, സാമ്പത്തിക ബാധ്യത തുടങ്ങിയ വിഷയങ്ങൾ അടിയന്തരമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് വളരെ അനുകൂലമായ നടപടികളുണ്ടാകും.

## അരുവിക്കരയിൽ സർക്കാർ കോളേജ്

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, ആദിവാസി, മലയോര, തോട്ടം തൊഴിലാളി മേഖലകളാൽ സമ്പന്നമാണ് ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര മണ്ഡലം. തിരുവനന്തപുരം ജില്ലയിൽ സിറ്റിയോട് ചേർന്ന് കിടക്കുന്ന അരുവിക്കര പഞ്ചായത്തും വെള്ളനാട് പഞ്ചായത്തും മുതൽ ഹൈറേഞ്ചുള്ള വിതുര പഞ്ചായത്തുവരെയുള്ള വലിയ പ്രദേശമാണ് എന്റെ നിയോജകമണ്ഡലം. നിലവിൽ അവിടെ നല്ല സർക്കാർ സ്കൂളുകളും പ്രൈവറ്റ് സ്കൂളുകളും IISER (Indian Institute of Scientific Education & Research )-ഉം ഉണ്ട്. ഇന്ത്യയിലെ ആറ് IISER-കളിൽ കേരളത്തിലുള്ള ഒരെണ്ണം എന്റെ മണ്ഡലത്തിലെ വിതുരയിൽ ജേഴ്സി ഫാമിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. പക്ഷേ ഇതുവരെയും അരുവിക്കര മണ്ഡലത്തിൽ ഒരു സർക്കാർ കോളേജില്ല. ഇന്ന് അരുവിക്കര മണ്ഡലത്തിലെ മിടുക്കരായ, സാധാരണക്കാരായ കുട്ടികൾക്ക് സർക്കാർ കോളേജിൽ പോകണമെങ്കിൽ നെടുമങ്ങാടോ ഇല്ലെങ്കിൽ മറ്റ് അൺ എയിഡഡ് കോളേജുകളിലോ പോകണം.

പണമില്ലാത്ത പല കുട്ടികളും സർക്കാർ കോളേജ് ഇല്ലാത്തതുകൊണ്ട് പഠനം ഉപേക്ഷിക്കേണ്ടി വരുന്ന അവസ്ഥപോലും മണ്ഡലത്തിലും പരിസര പ്രദേശങ്ങളിലും ഉണ്ടായിട്ടുണ്ട്. റവന്യൂ വകുപ്പിന്റെതടക്കമുള്ള സ്ഥലം അരുവിക്കര മണ്ഡലത്തിലെ പല പഞ്ചായത്തുകളിലും ഉള്ളതിനാൽ സ്ഥലലഭ്യതയ്ക്ക് പ്രശ്നമില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എല്ലാ നിയോജകമണ്ഡലത്തിലും ഒരു സർക്കാർ കോളേജ് എന്ന ആശയത്തിൽ ചില പഠനങ്ങൾ തുടങ്ങിയതാണ്. തിരുവനന്തപുരത്തോട് ചേർന്നു കിടക്കുന്ന പ്രദേശമായ അരുവിക്കരയിൽ സർക്കാർ കോളേജില്ല എന്നത് ഒരു ന്യൂനത തന്നെയാണ്. എല്ലാ പഞ്ചായത്തുകളുമായി സംസാരിച്ച് ഞാൻ തന്നെ മുൻകൈ എടുത്ത് സ്ഥലം നൽകാമെന്ന് വാഗ്ദാനം നൽകുകയാണ്. അരുവിക്കരയിലെ സാധാരണക്കാരായ ആളുകൾക്കുവേണ്ടി മണ്ഡലത്തിൽ ഒരു സർക്കാർ കോളേജ് വേണമെന്ന, തികച്ചും ന്യായമായ ആവശ്യമാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജകണ്ഡലത്തിൽ ഒരു ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനായുള്ള ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ വകുപ്പ്

ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. അരുവിക്കര നിയോജകമണ്ഡലത്തിൽ ഒരു ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നതിന്റെ ആവശ്യകത, സ്ഥല ലഭ്യത, അടിസ്ഥാനസൗകര്യ ലഭ്യത, മറ്റ് സഹായങ്ങൾ എന്നിവ സംബന്ധിച്ച് സ്ഥലം സന്ദർശിച്ച് വിശദമായ ഒരു സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമാക്കുവാൻ കൊല്ലം ഡെപ്യൂട്ടി വിദ്യാഭ്യാസ ഡയറക്ടറോട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ വിശദമായ സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(റിപ്പോർട്ട് സമർപ്പണം)